പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2012-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2012-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

2081/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2012-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 3-ഉം 4-ഉം വകുപ്പുകൾ 2009 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (കെ) ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(കെ) "കുടുംബം" എന്നാൽ,—

(i) ഭർത്താവ് ;

(ii) ഭാര്യ ;

(iii) പ്രായപൂർത്തിയാകാത്ത കുട്ടികൾ ;

(iv) മാനസികമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ ;

(v) ആശ്രിതരായ മാതാപിതാക്കൾ ;

(vi) ആശ്രിതരായ അവിവാഹിതരോ വിധവകളോ ആയ പുത്രിമാർ ; കൂടാതെ

(vii) ആശ്രിതരായ, ശാരീരികമായി വെല്ലുവിളി നേരിടുന്ന കുട്ടികൾ എന്നർത്ഥമാകുന്നു.".

3. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി ബി) ചുമട്ടുതൊഴിലാളികൾക്ക് 1948-ലെ ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ് (1948-ലെ 34-ാം കേന്ദ്ര ആക്റ്റ്) പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും.".

4. 24-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പിനോട് താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, 1948-ലെ ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ് (1948-ലെ 34-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള ചുമട്ടുതൊഴിലാളികൾക്ക് 1923-ലെ ജോലിക്കാരുടെ, നഷ്ടപരിഹാരം ആക്റ്റ് (1923-ലെ 8-ാം കേന്ദ്ര ആക്റ്റ്) ബാധകമാകുന്നതല്ല.".

5. 37-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 37-ാം വകുപ്പിൽ "സർക്കാർ" എന്ന വാക്കിനുപകരം "ബോർഡ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) 2012-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2012-ലെ 46) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

11-ാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 8-ാമത് റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്റ്റിന്റെ 2 (കെ) വകുപ്പിൻകീഴിലുള്ള "കുടുംബം" എന്ന വാക്കിന്റെ നിർവചനത്തിൽ "പൂർണ്ണ ആശ്രിതരായ മാനസിക വൈകല്യമുള്ളവരും ശാരീരികമായി അംഗവൈകല്യം ഉള്ളവരുമായ കുട്ടികളെ" കൂടി ഉൾപ്പെടുത്താൻ കേരള സർക്കാർ തീരുമാനമെടുക്കുകയുണ്ടായി.

2. 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിന്റെ 37-ാം വകുപ്പ് പ്രകാരം, നിധിയിലേക്കുള്ള ഏതെങ്കിലും അംശദായം അടയ്ക്കുന്നതിൽ ഒരു തൊഴിലുടമ വീഴ്ച വരുത്തുകയാണെങ്കിൽ, സർക്കാരിന് അയാളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കാവുന്നതാണ്. ഒരു തൊഴിലുടമയിൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള ഈ അധികാരം കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിനെ ഏൽപ്പിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചു.

3. കൊച്ചി തുറമുഖ ട്രസ്റ്റ് ഏരിയ കമ്മിറ്റി അതിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടുതൊഴിലാളികൾക്കും ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതിയിലെ വ്യവസ്ഥകൾ ബാധകമാക്കുന്നതിന് സമർപ്പിച്ച നിർദ്ദേശം കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അംഗീകരിക്കുകയും അത് നടപ്പിൽ വരുത്തുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുവാൻ ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. അതനുസരിച്ച്, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ 13-ഉം 24-ഉം വകുപ്പുകൾക്ക് ഭേദഗതി വരുത്തിക്കൊണ്ട്, ചുമട്ടുതൊഴിലാളികൾക്ക്, 1923-ലെ ജോലിക്കാരുടെ നഷ്ടപരിഹാരം ആക്റ്റ് പ്രകാരമുള്ള ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തിക്കൊണ്ട്, 1948-ലെ ജോലിക്കാരുടെ സ്റ്റേറ്റ് ഇൻഷ്വറൻസ് ആക്റ്റ് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകത്തക്കവിധം 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിൻ കീഴിൽ തയ്യാറാക്കിയ പദ്ധതിയുടെ വ്യാപ്തി ദീർഘിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു.

4. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് അടിയന്തിരമായി നിയമനിർമ്മാണം നടത്തേണ്ട സാഹചര്യങ്ങളുണ്ടായിരുന്നതിനാലും 2010-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2010 ജൂൺ 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010-ലെ 24-ാം നമ്പർ ഓർഡിനൻസായി 2010 ജൂൺ 14-ാം തീയതിയിലെ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 355-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് 2010 ജൂൺ 28-ാം തീയതി ആരംഭിച്ച് 2010 ജൂലൈ 29-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2010-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2010 ആഗസ്റ്റ് 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010-ലെ 37-ാം നമ്പർ ഓർഡിനൻസായി 2010 ആഗസ്റ്റ് 8-ാം തീയതിയിലെ 1817-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 373-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2011-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2011 ജനുവരി 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 13-ാം നമ്പർ ഓർഡിനൻസായി 2011 ജനുവരി 23-ാം തീയതിയിലെ 168-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 422-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് 2011 ജനുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2011-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 37-ാം നമ്പർ ഓർഡിനൻസായി 2011 മാർച്ച് 18-ാം തീയതിയിലെ 659-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2011 ജൂൺ 1-ാം തീയതി ആരംഭിച്ച് 2011 ജൂലൈ 20-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

12. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡമനുസരിച്ച്, പ്രസ്തുത അനുച്ഛേദപ്രകാരം ഗവർണ്ണർ വിളംബരപ്പെടുത്തിയ ഒരു ഓർഡിനൻസിന്റെ കാലാവധി നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച കഴിയുമ്പോൾ അവസാനിക്കുന്നതാണ്. അതനുസരിച്ച് പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി 2011 ജൂലൈ 13-ാം തീയതി അവസാനിച്ചു.

13. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനും പ്രസ്തുത ഓർഡിനൻസ് കാലാവധി അവസാനിച്ചശേഷം എടുത്ത നടപടികൾ സാധൂകരിക്കുന്നതിനുംവേണ്ടി 2011-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2011 ഡിസംബർ 19-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 60-ാം നമ്പർ ഓർഡിനൻസായി 2011 ഡിസംബർ 20-ാം തീയതിയിലെ 2402-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

14. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

15. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 32-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 734-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

16. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, പതിമൂന്നാം കേരള നിയമസഭയുടെ 100-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

17. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡമനുസരിച്ച്, പ്രസ്തുത അനുച്ഛേദപ്രകാരം ഗവർണ്ണർ വിളംബരപ്പെടുത്തിയ ഒരു ഓർഡിനൻസിന്റെ കാലാവധി നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച കഴിയുമ്പോൾ അവസാനിക്കുന്നതാണ്. അതനുസരിച്ച് പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി 2012 ജൂലൈ 23-ാം തീയതി അവസാനിച്ചു.

18. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനും പ്രസ്തുത ഓർഡിനൻസ് കാലാവധി അവസാനിച്ചശേഷം എടുത്ത നടപടികൾ സാധൂകരിക്കുന്നതിനുംവേണ്ടി 2012-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2012 ആഗസ്റ്റ് 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 46-ാം നമ്പർ ഓർഡിനൻസായി 2012 ആഗസ്റ്റ് 13-ാം തീയതിയിലെ 1701-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

19. 2012-ലെ 46-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഷിബു ബേബി ജോൺ.

(ശരിത്തർജ്ജമ)

## 1978-ലെ കേരള ചുമട്ടുതൊഴിലാളി (1980-ലെ 20) ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "പ്രായപൂർത്തിയാകാത്ത ആൾ" എന്നാൽ, പതിനഞ്ചു വയസ് പൂർത്തിയായിട്ടുള്ളതും എന്നാൽ പതിനെട്ട് വയസ് പൂർത്തിയായിട്ടില്ലാത്തതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

** ** **

** ** **

(കെ) "കുടുംബം" എന്നാൽ, ഭർത്താവും ഭാര്യയും ആശ്രയിച്ചുകഴിയുന്ന മാതാപിതാക്കളും പ്രായപൂർത്തിയാകാത്ത കുട്ടികളും അവിവാഹിതരോ വിധവകളോ ആയ പുത്രിമാരും എന്നർത്ഥമാകുന്നു ;

** ** **

13. പദ്ധതി.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം വിജ്ഞാപനത്തിൽ പറയുന്ന ഒന്നോ അതിലധികമോ പ്രദേശത്തേക്കോ പ്രദേശങ്ങളിലേക്കോ ഏതെങ്കിലും ഒരു തൊഴിലിനോ ഒരു സംഘം തൊഴിലുകൾക്കോവേണ്ടി ഒന്നോ അതിലധികമോ പദ്ധതിയോ പദ്ധതികളോ ഉണ്ടാക്കാവുന്നതും അതുപോലുള്ള വിജ്ഞാപനംമൂലം അങ്ങനെയുള്ള പദ്ധതിക്ക് കൂട്ടിച്ചേർക്കലോ ഭേദഗതിയോ മാറ്റമോ വരുത്താവുന്നതും അഥവാ അങ്ങനെയുള്ള ഏതെങ്കിലും പദ്ധതിക്കുപകരം മറ്റൊരു പദ്ധതി കൊണ്ടുവരാവുന്നതുമാകുന്നു :

എന്നാൽ അങ്ങനെയുള്ള യാതൊരു വിജ്ഞാപനവും, അതിന്റെ ഒരു കരടുരൂപം ഗസറ്റിൽ പ്രസിദ്ധം ചെയ്യാത്തപക്ഷവും, അങ്ങനെയുള്ള കരടുരൂപം ഗസറ്റിൽ പ്രസിദ്ധം ചെയ്ത് ഒരു മാസത്തിനകം കിട്ടുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ച് അവസാന തീരുമാനമെടുക്കാത്തപക്ഷവും പ്രാബല്യത്തിൽ വരുന്നതല്ല.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും അതുപ്രകാരമുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി (1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയ ഒരു പദ്ധതിയിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ചുമട്ടുതൊഴിലാളികളുടെ ക്ഷേമത്തിലും ;

(ബി) ചുമട്ടുതൊഴിലാളികളുടെ ആരോഗ്യത്തിനും സുരക്ഷിതത്വ നടപടികൾക്കും ;

(സി) ചുമട്ടുതൊഴിലാളികളുടെ ഗുണത്തിനുതകുന്ന പ്രോവിഡന്റ് ഫണ്ടുകൾ ഉൾപ്പെടെയുള്ള ഏതെങ്കിലും ഫണ്ടോ ഫണ്ടുകളോ രൂപീകരിക്കുന്നതിനും, അങ്ങനെയുള്ള ഫണ്ടുകൾ നിക്ഷിപ്തമാക്കുന്നതിനും, അങ്ങനെയുള്ള ഫണ്ടിലേക്ക് അംശദാനം നൽകുന്നതിനും, അതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ;

** ** **

24. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്റ്റ് ചുമട്ടുതൊഴിലാളികൾക്ക് ബാധകമാക്കൽ.—1923-ലെ തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം ആക്റ്റിലെ (1923-ലെ 8-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളും അതുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും ആവശ്യമായ ഭേദഗതികളോടുകൂടി ഏതെങ്കിലും സ്ഥാപനത്തിൽ ജോലിക്കാക്കിയിട്ടുള്ള ചുമട്ടുതൊഴിലാളികൾക്ക്, ബാധകമായിരിക്കുന്നതും ആ ആവശ്യത്തിന് അവരെ ആ ആക്റ്റിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന തൊഴിലാളികളായി കരുതപ്പെടുന്നതും ആകുന്നു.

** ** **

37. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഫണ്ടിലേക്കുള്ള ഏതെങ്കിലും അംശദായം നൽകുന്നതിൽ ഒരു തൊഴിലുടമ വീഴ്ചവരുത്തുന്നപക്ഷം സർക്കാരിന്, അവർക്ക് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള കുടിശ്ശികത്തുകയുടെ ഇരുപത്തിയഞ്ച് ശതമാനത്തിൽ കവിയാത്ത നഷ്ടപരിഹാരം അയാളിൽനിന്നും വസൂലാക്കാവുന്നതാണ്.

** ** **